**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1006** **02-02-2026 - ൽ മറുപടിയ്ക്ക്**

**വനാവകാശ ഭൂമിയിലെ കൃഷിയും വനവിഭവ വിപണനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം ലഭിക്കുന്ന ഭൂമിയിൽ ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ളവ കൃഷി ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിന് വനം വകുപ്പ് നടപടി സ്വീകരിക്കുമോ; | (എ) | വനത്തിനുള്ളിൽ താമസിക്കുന്ന പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വനാവകാശ നിയമ പ്രകാരം കൈവശാവകാശ രേഖ ലഭിച്ച ഭൂമിയിൽ ഉപജീവനത്തിനായി ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ളവ കൃഷി ചെയ്യുന്നതിന് നിയമ പ്രകാരം തടസ്സമില്ല. ആദിവാസികൾ ഉപജീവനത്തിനായി ചെയ്തുവരുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ വനം വകുപ്പ് നൽകി വരുന്നുണ്ട്. |
| (ബി) | ആദിവാസി വിഭാഗങ്ങൾ ശേഖരിക്കുന്ന വനവിഭവങ്ങളുടെ വിപണനത്തിൽ ഇടത്തട്ടുകാരുടെ ചൂഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി നേരിട്ടുള്ള വിപണന സൗകര്യം ഒരുക്കി നൽകുമോ? | (ബി) | വനത്തിനുള്ളിൽ നിന്നും ആദിവാസികൾ ശേഖരിക്കുന്ന ചെറുകിട വന വിഭവങ്ങൾ ഇടനിലക്കാരുടെ ചൂഷണങ്ങൾക്ക് വിധേയമാകാതെ നേരിട്ട് വിപണിയിൽ എത്തിക്കുന്നതിനായി വനം വകുപ്പ് "വനശ്രീ" പദ്ധതി നടപ്പാക്കിയിട്ടുണ്ട്. . സംസ്ഥാനത്താകമാനം 2 മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 82 "വനശ്രീ" യൂണിറ്റുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നു. വനശ്രീ വിഭവങ്ങളുടെ ഓൺലൈൻ വിൽപ്പനയ്ക്കായി ഒരു വെബ് സൈറ്റും, മൊബൈൽ ആപ്പും വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. 'വനശ്രീ' പദ്ധതിയിലൂടെ ലഭിക്കുന്ന വരുമാനം വനംവകുപ്പ് വനാശ്രിത ഗോത്രസമൂഹത്തിന്റെ ഉന്നമനത്തിനായി ചെലവഴിക്കുന്നു. വനശ്രീ പദ്ധതിയിലൂടെ പ്രതിവർഷം ഏകദേശം 2100 വനാശ്രിതർക്കായി ഒന്നേകാൽ ലക്ഷത്തോളം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ വനം വകുപ്പിന് സാധിക്കുന്നു. 2024-25 സാമ്പത്തിക വർഷം 8.41 കോടി രൂപയുടെ വനശ്രീ ഉൽപ്പന്നങ്ങളുടെ വിൽപ്പന ഇക്കോഷോപ്പുകൾ വഴി നടത്തിയിട്ടുണ്ട് . |

**പ്രധാനമന്ത്രി വൻ ധൻ വികാസ് യോജന പദ്ധതി (PMVDVK)** മുഖേന വനാശ്രിത ഗോത്ര സമൂഹങ്ങൾക്ക് ശാസ്ത്രീയമായ വനവിഭവ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിൽ പരിശീലനവും, വനവിഭവങ്ങളുടെ മൂല്യവർദ്ധനവിനാവശ്യമായ യന്ത്രങ്ങൾ, അനുബന്ധ ഉപകരണങ്ങൾ, മറ്റ് സാധനസാമഗ്രികൾ എന്നിവ വാങ്ങുന്നതിനുള്ള സഹായവും നല്കുന്നു. വനം വകുപ്പിന്റെ കീഴിൽ 20 വനവികസന ഏജൻസികളുടെ നേതൃത്വത്തിൽ 31 VDVKകൾ സ്ഥാപിച്ചു പ്രവർത്തിച്ചു വരുന്നു. VDVK അംഗങ്ങളായ 8138 വനാശ്രിതർക്കു പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. നാളിതുവരെ 60-ൽ പരം മൂല്യവർധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തിയതിലൂടെ 67.00 ലക്ഷം രൂപയുടെ വാർഷിക വിറ്റുവരവ് നേടുന്നതിന് ഈ പദ്ധതിയിലൂടെ വൻ ധൻ വികാസ് കേന്ദ്രകൾക്ക് സാധിച്ചിട്ടുണ്ട്.

**പ്രധാൻ മന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ സ്കീം - വൻ ധൻ വികാസ് കേന്ദ്ര (PMJANMAN-VDVK)** എന്ന പദ്ധതി വഴി കാടർ, കാട്ടുനായ്ക്കൻ, ചോലനായ്ക്കർ, കുറുമ്പർ, കൊറഗർ എന്നിങ്ങനെ 5 പ്രാക്തന ഗോത്ര വിഭാഗങ്ങളെ മാത്രം ഉൾപ്പെടുത്തി അവരുടെ ഉന്നമനത്തിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുമായി പ്രാക്തന ഗോത്ര വിഭാഗ വൻ ധൻ വികാസ് കേന്ദ്രങ്ങൾ (PVTG VDVK) രൂപീകരിക്കുന്ന പദ്ധതി സംസ്ഥാനത്ത് 2023-24-ൽ ആരംഭിച്ചു. ശാസ്ത്രീയമായ വനവിഭവ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിൽ ടി വിഭാഗങ്ങൾക്ക് പരിശീലനം നൽകുന്നതിനൊപ്പം ആവശ്യമായ യന്ത്രങ്ങൾ, മറ്റു അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള സഹായവും ഈ പദ്ധതി വഴി നൽകുന്നു. പദ്ധതിയിലൂടെ നിലവിൽ 537 പ്രാക്തന ഗോത്ര വിഭാഗക്കാരെ ഉൾകൊള്ളിച്ച് 7 വൻ ധൻ വികാസ് വയനാട്, പാലക്കാട് ജില്ലകളിലായി ആരംഭിച്ചിട്ടുണ്ട്. ടി വിഭാഗക്കാർ നിർമ്മിക്കുന്ന വന വിഭവങ്ങൾ നേരിട്ട് വിപണനം ചെയ്യുന്നതിലൂടെ പദ്ധതിയുടെ പൂർണ്ണമായ പ്രയോജനം അവർക്ക് തന്നെ ലഭിക്കുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്തതിലൂടെ 0.17 ലക്ഷം രൂപയുടെ വാർഷിക വിറ്റുവരവ് നേടുന്നതിന് ഈ പദ്ധതിയിലൂടെ വൻ ധൻ വികാസ് കേന്ദ്രകൾക്ക് സാധിച്ചിട്ടുണ്ട്.

മണ്ണാർക്കാട് ഡിവിഷനിലെ അട്ടപ്പാടി മേഖലയിൽ ആദിവാസി വിഭാഗങ്ങൾ ശേഖരിക്കുന്ന വനവിഭവങ്ങളുടെ വിപണനത്തിൽ ഇടത്തട്ടുകാരുടെ

ചൂഷണം ഒഴിവാക്കി അവർക്ക് മികച്ച വില ലഭ്യമാക്കുന്നതിന് '**വനാമൃതം**' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം മണ്ണാർക്കാട് ഡിവിഷനു കീഴിലെ ആദിവാസി ഊരുകളിൽ നിന്നും മണ്ണാർക്കാട് വനവികസന ഏജൻസി മുഖാന്തിരം വന സംരക്ഷണ സമിതികൾ വഴി ഔഷധ സസ്യങ്ങൾ ശേഖരിച്ച് മൂല്ല്യ വർദ്ധനവ് നടത്തി ടെണ്ടർ മുഖാന്തിരം വിപണനം ചെയ്ത് ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പ് വരുത്തുന്നു. ടി പദ്ധതിയുടെ ഭാഗമായി ആദിവാസി വനസംരക്ഷണ സമിതികളിൽ നിന്ന് ഇടനിലക്കാർ നൽകുന്ന വിലയേക്കാൾ ഉയർന്ന വിലയ്ക്ക് ഇത്തരം ഉൽപ്പന്നങ്ങൾ ശേഖരിക്കുകയും ആയതിന്റെ വിലയും, രസീതും യഥാസമയം നൽകുകയും ചെയ്യും. തുടർന്ന് ശേഖരിക്കുന്ന മൊത്തം ഉൽപ്പന്നങ്ങൾ വന വികസന ഏജൻസി തലത്തിൽ വൻകിട/ചെറുകിട ആയുർവ്വേദ മരുന്ന് കമ്പനികളെ ഉൾപ്പെടുത്തി ഒരു വർഷത്തേക്ക് ടെണ്ടർ നടപടിയിലൂടെ ഉയർന്ന വിലയ്ക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു. ശേഖരണ സമയത്ത് തന്നെ മികച്ച വില ആളുകൾക്ക് ലഭ്യമാക്കുവാനും വിൽപ്പനയിലൂടെ ലഭിക്കുന്ന ലാഭ വിഹിതം വന സംരക്ഷണ സമിതി വഴി പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാനും സാധിക്കുന്നുണ്ട്. ഇതുവരെ 67.57 ലക്ഷം രൂപയുടെ വിറ്റ് വരവാണ് വനാമൃതം പദ്ധതിയിലൂടെ കൈവരിച്ചത്.

കൂടാതെ കേന്ദ്ര പട്ടികവർഗ്ഗ കാര്യ മന്ത്രാലയത്തിന് കീഴിൽ വരുന്ന TRIFED-ന്റെ ധനസഹായത്തോടെ തടിയേതര ചെറുകിട വന വിഭവങ്ങൾ (NTFP)ക്കുള്ള മിനിമം താങ്ങുവില ഏർപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് നടപ്പാക്കി വന്ന '**മെക്കാനിസം ഫോർ മാർക്കറ്റിംഗ് ഓഫ് മൈനർ ഫോറസ്റ്റ് പ്രൊഡ്യൂസ് (MFP) ത്രൂ മിനിമം സപ്പോർട്ട് പ്രൈസ് (MSP) ആൻഡ് ഡെവലപ്പ്മെന്റ് ഓഫ് വാല്യൂ ചെയിൻ (100% CSS) (MSP for MFP)**' പദ്ധതി വഴി ആദിവാസി-ഗോത്ര സമൂഹം ശേഖരിച്ച് വിപണനം ചെയ്യുന്ന ചെറുകിട വന വിഭവങ്ങൾക്ക് ഒരു നിശ്ചിത വില ഉറപ്പാക്കുന്നതിനും അത് വഴി അവരുടെ ജീവിത നിലവാര ഉയർച്ചയ്ക്ക് സഹായകരമാവുകയും ചെയ്തിട്ടുണ്ട്. MSP for MFP പദ്ധതി വഴി പുതിയ വനശ്രീ യൂണിറ്റുകളുടെ രൂപീകരണം, നിലവിലുള്ള വനശ്രീ യൂണിറ്റുകളുടെ ആധുനികവൽക്കരണം, വനവിഭവങ്ങളുടെ മെച്ചപ്പെട്ട സംഭരണ സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി വഴി കേരളത്തിൽ വിപണനം ചെയ്തുവരുന്ന കാട്ടുതേൻ ഉൾപ്പെടെ 24 ചെറുകിട വന വിഭവങ്ങൾക്ക്

| | | | |
|---|---|---|---|
| | | | താങ്ങുവില ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കാട്ടുതേൻ സംഭരണ വിപണനത്തിനായി 'റിവോൾവിങ് ഫണ്ട്' രൂപീകരിക്കുന്നതിനുള്ള ധനസഹായവും ഈ പദ്ധതി വഴി നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ